©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം, വെള്ളി<br>Thiruvananthapuram, Friday | 2015 നവംബർ 27<br>27th November 2015<br>1191 വൃശ്ചികം 11<br>11th Vrischikam 1191<br>1937 അഗ്രഹായനം 6<br>6th Agrahayana 1937 | നമ്പർ<br>No. 2643 |

## കേരള സർക്കാർ

### വനം വന്യജീവി (സി) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 90/15/വനം. *തിരുവനന്തപുരം, 2015 നവംബർ 12 / 1191 തുലാം 26.*

**എസ്. ആർ. ഒ. നമ്പർ 806/2015.**—1961-ലെ കേരള വനം ആക്റ്റ് (1962-ലെ 4) 3-ഉം 4-ഉം വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, ഇതിനാൽ,—

(എ) താഴെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള അതിർത്തികൾക്കുള്ളിലുള്ള സ്ഥലം ഒരു റിസർവ്വ് വനമാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിജ്ഞാപനം ചെയ്യുകയും;

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/4476/2015/S-15.

(ബി) ഈ വിജ്ഞാപനത്തിന്റെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള അതിർത്തികൾക്കുള്ളിലുള്ള സ്ഥലങ്ങളെ സംബന്ധിച്ച്, അത്തരം അതിർത്തികൾക്കുള്ളിലുള്ള ഏതെങ്കിലും സ്ഥലത്തിലോ അതിന്മേലോ അഥവാ അപ്രകാരമുള്ള സ്ഥലത്തുള്ള ഏതെങ്കിലും വനവിഭവത്തിന്മേലോ ഏതെങ്കിലും ആൾക്കുണ്ടെന്ന് അവകാശപ്പെടുന്നതോ പറയപ്പെടുന്നതോ ആയ ഏതെങ്കിലും അവകാശത്തിന്റെ നിലനിൽപ്പ്, സ്വഭാവം, വ്യാപ്തി എന്നിവയെക്കുറിച്ച് അന്വേഷിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും, അത്, പ്രസ്തുത ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കൈകാര്യം ചെയ്യുന്നതിനുംവേണ്ടി കോട്ടയം റവന്യൂ ഡിവിഷണൽ ഓഫീസറെ ഔദ്യോഗിക നിലയിൽ ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസറായി നിയമിക്കുകയും;

(സി) ഈ ആവശ്യത്തിലേക്കായി നിയമിക്കപ്പെട്ട ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർ പ്രസ്തുത ആക്ടിന്റെ II-ാം അദ്ധ്യായത്തിൻകീഴിൽ നടത്തുന്ന ഏതൊരു അന്വേഷണത്തിലും സർക്കാരിനുവേണ്ടി ഹാജരാകുന്നതിന് കോട്ടയം ഫോറസ്റ്റ് ഡിവിഷന്റെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ഔദ്യോഗിക നിലയിൽ നിയമിക്കുകയും ചെയ്യുന്നു.

പട്ടിക

| റിസർവ് വനമാക്കി മാറ്റാൻ ഉദ്ദേശിക്കുന്ന സ്ഥലം | ജില്ല | താലൂക്ക് | വില്ലേജ് | വനം ഡിവിഷൻ | ഫോറസ്റ്റ് റെയിഞ്ചിന്റെ പേര് | സർവ്വേ നമ്പർ | ബ്ലോക്ക് നമ്പർ | പ്രദേശം | വിസ്തീർണ്ണം (ഹെക്ടർ) | അതിരുകൾ | | | | ജി.പി.എസ്. റീഡിംഗ് | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | തെക്ക് | കിഴക്ക് | വടക്ക് | പടിഞ്ഞാറ് | അക്ഷാംശം | രേഖാംശം |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) |
| കട്ടപ്പിറ ആറ്റുവഞ്ചിക്കാട് | കോട്ടയം | മീനച്ചിൽ | കിടങ്ങൂർ | കോട്ടയം | എരുമേലി | 18/pt | 16 | മീനച്ചിലാറിന്റെ വടക്കൻ തീരം | 0.7741 | മീനച്ചിൽ ആറ് | മീനച്ചിൽ ആറ്റുപുറമ്പോക്ക് | മീനച്ചിൽ ആറ്റുപുറമ്പോക്ക് | മീനച്ചിൽ തോട് | 9°40′01.22″ N | 76°35′48.89″ E |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി. മാര പാണ്ഡ്യൻ,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ, അതിന്റെ പൊതുവായ ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

വിജ്ഞാപനത്തിന്റെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതായ, കോട്ടയം ജില്ലയിൽ കിടങ്ങൂർ ഭാഗത്ത് മീനച്ചിലാറിന്റെ തീരത്ത് കട്ടച്ചിറ-പൊറ്റോടം മാലി സർക്കാർ പുറമ്പോക്കിലുള്ള സ്ഥലം, കേരളത്തിലെ ജനനിബിഡമായ ഇടനാട്ടിൽ ഇപ്പോൾ അപൂർവ്വതകൊണ്ട് അതുല്യമായിരിക്കുന്ന നദീതീര വനത്തിന്റെ അവശേഷിക്കുന്ന തുണ്ടുകളിലൊന്നാണ്. മണലൂറ്റ്, മരംമുറി, കയ്യേറ്റം എന്നിവയിൽനിന്നും ഈ പ്രദേശത്തെ മുഴുവൻ പാരിസ്ഥിതിക വ്യവസ്ഥയ്ക്കും 1961-ലെ കേരള വനം ആക്റ്റിനും (1962-ലെ 4) അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടേയും പരിരക്ഷ വ്യാപിപ്പിക്കുന്നതിനായി മേൽപ്പറഞ്ഞ പ്രദേശത്തെ പ്രസ്തുത ആക്റ്റിൻകീഴിൽ റിസർവ് വനമാക്കുന്നത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു. ആയതിനാൽ പ്രസ്തുത പ്രദേശത്തെ പ്രസ്തുത ആക്റ്റിൽ 4-ാം വകുപ്പിൻകീഴിൽ ഒരു റിസർവ് വനമാക്കി വിജ്ഞാപനം ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ വിജ്ഞാപനം.

# GOVERNMENT OF KERALA

## Forest and Wildlife (C) Department

## NOTIFICATION

G. O. (P) No. 90/2015/F&WLD.

*Dated, Thiruvananthapuram, 12th November, 2015 / 26th Thulam, 1191.*

**S. R. O. No. 806/2015.**—In exercise of the powers conferred by sections 3 and 4 of the Kerala Forest Act, 1961 (4 of 1962), the Government of Kerala hereby,—

(a) notify that it is proposed to constitute the land within the boundaries specified in the Schedule attached below as a reserved forest;

(b) appoint the Revenue Divisional Officer, Kottayam, *ex-officio* to be the Forest Settlement Officer, in regard to the lands within the boundaries specified in the Schedule to this notification, to inquire into and determine the existence, nature and extent of any rights claimed by or alleged to exist in favour of any person, in or over any land comprised within such boundaries or to any forest produce of such land and to deal with the same as provided in the Act; and

(c) appoint the Divisional Forest Officer, Kottayam Forest Division, *ex-officio,* to attend on behalf of the Government at any enquiry under Chapter II of the said Act held by the Forest Settlement Officer, appointed in this behalf.

## SCHEDULE

| Name of area to be notified as Reserve Forest | District | Taluk | Village | Forest Division | Name of Forest Range | Survey No. | Block No. | Locality | Exent in hectare | Boundaries | | | | GPS Reading | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | South | East | North | West | Latitude | Longitude |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) |
| Kattachira Attuvanchikkadu | Kottayam | Meenachil | Kidangoor | Kottayam | Erumeli | 18/pt. | 16 | Northern bank of Meenachil river | 0.7741 | Meenachil River | Meenachil Attupuramboke | Meenachil Attupuramboke | Meenachil Thodu | 9°40'01.22" N | 76°35'48.89" E |

By order of the Governor,

P. MARA PANDIYAN,
*Principal Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The area which is specified in the Schedule is a Government Puramboku land which lies on the banks of Meenachil river at Kidangur in Kattachira Pottodam Mali in Kottayam District and is a surviving bit of riverine forest which is unique for its rarity in the highly populated midland of Kerala. In order to extend protection to the entire eco system of this area from sand mining, tree felling and encroachment under the provision of the Kerala Forest Act, 1961 (4 of 1962) and rules made thereunder, the Government have found it necessary to declare the areas as a Reserved Forest under the said Act. The Government have therefore, decided to notify the said area as a reserve forest under section 4 of the said Act.

The notification is intended to achieve the above object.